

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

29 MAY 2020

06 SHAWWAL 1441 AH

# THE ATTRIBUTES OF ALLAH (Pt.6)
# അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങൾ (ഭാഗം-6)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങൾ (ഭാഗം-6)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇത് തികച്ചും അല്ലാഹു(ത)യുടെ അനുഗ്രഹം കൊണ്ടു മാത്രമാണ്, എനിക്ക് അല്ലാഹുവിനെ സംബന്ധിച്ചുള്ള സവിശേഷമായ ഗുണഗണങ്ങളെകുറിച്ച്, തുടർച്ചയായ 6-ാംമതു ഭാഗവുമായി നിങ്ങളുടെ മുൻപാകെ നില്ക്കുവാൻ കഴിയുന്നത്. ഈ വെള്ളിയാഴ്ച ഖുത്തുബയിൽ, അല്ലാഹു(ത)യുടെ, ഏതാനും ഗുണഗണങ്ങൾ, ഉദ്ധരിക്കുകയും ചില വിശദീകരണങ്ങൾ നല്കുകയും ചെയ്യുവനാണ് ഞാനുദ്ദേശിക്കുന്നത്.

## Al-Hafeez : സംരക്ഷിക്കുന്നവൻ

അൽഹഫീസ് എന്നത് അല്ലാഹു(ത)യുടെ ഒരു സവിശേഷ ഗുണനാമമാകുന്നു. ഹിഫ്ള് എന്ന വാക്കിൽ നിന്നും ഉത്പന്നമായതാണ്. സംരക്ഷണം എന്നാകുന്നു അതിന്റെ അർത്ഥം. അപ്പോൾ അൽഹഫീസ് എന്ന് പറഞ്ഞാൽ സംരക്ഷകൻ എന്നർത്ഥം. എല്ലാകാലത്തും, എല്ലാ സാഹചര്യത്തിലും നമ്മെ സംരക്ഷിക്കുന്നതായി നിലനില്ക്കുന്ന ഒന്നിനേയും നാം കാണു

ന്നില്ല. കാരണം ഓരോ അണുവിനും അത് നിലനില്ക്കുന്ന തിന് സമ്പൂർണ്ണമായ കഴിവ് ഉണ്ടാകണമെങ്കിൽ, അവയെ വലയം ചെയ്യുന്ന, അവയെ ചുഴന്നു നില്ക്കുന്ന അറിവ് അതിന് ആവശ്യമുണ്ട്.

ഈ കഴിവ് സർവ്വശക്തനായ അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. ആയതിനാൽ എല്ലാ അറിവുകളും ചൂഴ്ന്നു നില്ക്കുന്ന, ഒരേ ഒരുവൻ, അവൻ മാത്രമാണ്, അവന്റെ അറിവ് എല്ലാത്തിനേയും ആവരണം ചെയ്തിരിക്കുന്നു. അവന്റെ അറിവിൽ നിന്നും ഒരാൾക്കും രക്ഷപ്പെട്ടുപോകുവാൻ കഴിയുകയില്ല. സർവ്വശക്തനായ അല്ലാഹു മാത്രമാണ്, എല്ലാത്തിന്റെയും മേൽ, അധികാരമുള്ള ഒരേ ഒരുശക്തി! ഒരാൾക്കും, ആർക്കും തന്നെ, സർവ്വശക്തനായ അല്ലാഹുവിന്റെ ശക്തിയെ, ശക്തി ഇല്ലാതാക്കുവാൻ കഴിയുകയില്ല. അധികാരമില്ലാത്തവ നാക്കുവാൻ കഴിയുകയില്ല, നിസ്സഹായകനായി മാറ്റുവാൻ കഴിയുകയുമില്ല! ആയതിനാൽ, അവൻ മാത്രമാണ്, അൽഹഫീസ് അഥവാ സംരക്ഷകനായവൻ! ഓരോ ജീവിയെകുറിച്ചും സർവ്വശക്തനായ അല്ലാഹു അറിയുന്നു. പ്രസ്തുത ജീവി എവിടെ ആണെന്നും അവനറിയുന്നു. പ്രസ്തുത ജീവി ഏതു സാഹചര്യത്തിലാണ് നിലവിലുള്ളതെന്നും അവനറിയുന്നു. ഓരോന്നിനും എന്താണ് വേണ്ടതെന്നും അവനറിയുന്നു. എത്ര അളവിൽ അതിന് ആവശ്യമുണ്ട് എന്നും അവനറിയുന്നു. അതിനാവശ്യമുള്ളത് പ്രദാനം ചെയ്യുവാനുള്ള കഴിവും അവനുണ്ട്. സർവ്വശക്തനായ അല്ലാഹുവിന്റെ പ്രവർത്തിയെ തടയുന്ന യാതൊന്നിനെയും നിങ്ങൾ കണ്ടെത്തുകയില്ല. ഈ സവിശേഷ ഗുണം ധാരാളമായി ഉരുവിടുന്നതിലൂടെ, ഈ സവിശേഷ ഗുണം കൊണ്ട് നിങ്ങൾ അധികമധികമായി പ്രാർത്ഥിക്കുന്നതിലൂടെ, സർവ്വശക്തനായ അല്ലാഹുവിൽ ഭരമേല്പിക്കുവാനുള്ള വികാസം നിങ്ങളിൽ ഉണ്ടായി വരുന്നതിനുള്ള, ഫലപ്രദമായ ഒരു വഴിയായി മാറുന്നു. ഒരാൾ, താൻ, ദുഃഖത്തിലകപ്പെട്ടാൽ, വേദനയിലകപ്പെട്ടാൽ, ഈ ഭരമേല്പിക്കൽ

അവന്റെ ജീവിതത്തെ സംബന്ധിച്ച് സുരക്ഷിതത്വം അനുഭവ വേദ്യമാകുന്നു. അവന്റെ കുടുംബത്തെ സംബന്ധിച്ചുള്ള സുരക്ഷിതത്വം അനുഭവപ്പെടുന്നു. അവന്റെ ധനത്തെപറ്റിയുള്ള സുരക്ഷിതത്വം ഉണ്ടാകുന്നു. അവന്റെ മാന്യതയെപറ്റിയും, ആദരവിനെ പറ്റിയുമുള്ള സുരക്ഷിതത്വം, ഇവ ലഭിക്കുന്നതിനുള്ള ഒരു വഴിയായി ഇതുമാറുന്നു.

## Al-Hakeem : അൽഹക്കീം

ഹക്കീം എന്ന വാക്ക് ഹിക്ക്മ എന്ന വാക്കിൽ നിന്നാണ് എടുത്തിട്ടുള്ളത്. ഹിക്ക്മ എന്നാൽ അതിന്റെ അർത്ഥം ബൗദ്ധികത, നൈപുണ്യം, സമ്പൂർണ്ണത എന്നൊക്കെയാണ് അതിന്റെ അർത്ഥം. സർവ്വശക്തനായ അല്ലാഹു അല്ലാതെ മറ്റൊന്നും തന്നെ സമ്പൂർണ്ണതയിലെത്തുന്നില്ല. എല്ലാ നൈപുണ്യങ്ങളെയും കടന്നുപോകുന്ന നൈപുണ്യതയാണ് അവനിലുള്ളത്. എല്ലാ നിപുണന്മാരെയും കടന്നുപോകുന്ന നിപുണതയാണ് അവനുള്ളത്. ആയതിനാലാണ് പ്രസ്തുത വാക്കിന്റെ യഥാർത്ഥ അർത്ഥത്തിൽ, അല്ലാഹു(ത) അവൻ മാത്രമാണ് അൽഹക്കീം ആയിട്ടുള്ളവൻ എന്ന് പ്രയോഗിച്ചിരിക്കുന്നത്. ഇതിന്റെ കാരണം സർവ്വശക്തനായ അല്ലാഹുവിന്റെ അറിവ് മാത്രമാണ് സമ്പൂർണ്ണമായത് എന്ന നിലയിലാണ് അൽഹക്കീം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അതാണതിന്റെ വസ്തുത! അവന്റെ പ്രവർത്തനം സമ്പൂർണ്ണമാണ്. അവൻ മാത്രമാകുന്നു, ഈ പ്രപഞ്ചത്തിലെ ഓരോ അണുവിനും രൂപം നല്കുന്നത്, ഉചിതവും സന്തുലിതവുമായ നിലയിൽ, അവൻ മാത്രമാണ് അത് രൂപകല്പന ചെയ്യുന്നത്. അതിന്റെ നീളം, വണ്ണം, പൊക്കം, വീതി, അളവ് എല്ലാം അവൻ മാത്രമാണ്, അത് നിശ്ചയിക്കുന്നത്.

ഹക്കമ എന്ന ക്രിയാ രൂപത്തെ, നാം പരിശോധനാവിധേയമാക്കുകയാണെങ്കിൽ, പ്രസ്തുത ക്രിയയുടെ അർത്ഥം നിയന്ത്രിക്കുക എന്നാകുന്നു എന്ന് മനസ്സിലാകും, ആ സമയത്തു തന്നെ, അതിന്റെ അർത്ഥം, സർവ്വശക്തനായ അല്ലാഹുവിന്റെ കരങ്ങളിലാണ് എല്ലാ അധികാരാവകാശങ്ങളും എന്ന് മനസ്സി

ലാക്കാവുന്നതാണ്. അവന്റെ തീരുമാനം അന്തിമമാകുന്നു. ഒരാൾക്കും എതിരഭിപ്രായം പ്രകടിപ്പിക്കുവാൻ കഴിയില്ല. അവന്റെ തീരുമാനത്തെ മറികടക്കുവാനും കഴിയില്ല. സർവ്വശക്തനായ അല്ലാഹുവിനെ അവന്റെ അധികാരത്തിലോ, ശാസനയിലോ മറികടക്കുവാൻ ഒരാൾക്കും, സാധ്യമല്ലതന്നെ!

സർവ്വശക്തനായ അല്ലാഹുവിനല്ലാതെ മറ്റാർക്കെങ്കിലും ഹക്കീം എന്നവാക്കുപയോഗിക്കുകയാണെങ്കിൽ, അപ്പോൾ അതിന്റെ അർത്ഥം ദീനീപരമായ അറിവുള്ളവൻ എന്നാകുന്നു. അവനു ലഭ്യമായ അറിവിന്റെ അടിസ്ഥാനത്തിൽ പെരുമാറുന്നവൻ എന്നർത്ഥമായി മാറുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, തനിക്ക് ലഭ്യമായ അറിവിനെ ത്യജിക്കാതെ, സ്ഥാപിതമായ, മാറ്റമില്ലാത്ത ഉറച്ച തത്വങ്ങളനുസരിച്ച് വിധി പ്രസ്താവിക്കുന്നവൻ എന്നർത്ഥമായി മാറുന്നതാണ്.

ഈ സവിശേഷമായ ഗുണവിശേഷത്തിൽ ഒരു വ്യക്തി ജാഗ്രതപുലർത്തുകയാണെങ്കിൽ, അവൻ സർവ്വശക്തനായ അല്ലാഹുവിന്റെ തീരുമാനത്തിൽ, സമ്പൂർണ്ണമായും കീഴടങ്ങുന്നതാണ്. സർവ്വശക്തനായ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതിൽ നിന്ന്, ഈ കീഴടങ്ങൽ നമ്മെ ഒരു രീതിയിലും തടയുന്നില്ല. അതു പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം തന്നെയാണ്. എന്നാൽ അന്തിമ തീരുമാനത്തിനായി നാം അല്ലാഹുവിൽ ഭരമേല്പിക്കുക. അത് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യം തന്നെയാണ്. നമുക്ക് സംഭവിക്കുന്നത് എന്തുതന്നെ ആയാലും, അതിൽ നാം സംതൃപ്തരായിരിക്കുക. അല്ലാഹുവിനോട് ദുആ ചെയ്തു കഴിഞ്ഞശേഷമുള്ള നമ്മുടെ നിലപാടുകൾ ഇപ്രകാരമായിരിക്കണം.

## Al-Kabeer : അൽകബീർ

കബീർ എന്നവാക്കിന്റെ അർത്ഥം വലിയവൻ എന്നാകുന്നു. സർവ്വശക്തനായ അല്ലാഹുവിനെ നാം അൽകബീർ എന്നു വിളിക്കുന്നു. കാരണം എല്ലാ മഹത്വവും വലിപ്പവും അവനിൽ മാത്രം നിക്ഷിപ്തമാകുന്നു. അവനേക്കാൾ വലിപ്പമുള്ള മഹത്വ

മുള്ള മറ്റൊരു ജീവിയുമില്ല. (സർവ്വശക്തനായ അല്ലാഹു) അവനാണ് ഏറ്റവും മഹത്വമുടയവൻ. ഈ വാക്ക് നാം ഉപയോഗിക്കുകയാണെങ്കിൽ, കബീർ, ഇത് അവന്റെ മഹത്വത്തിനെപറ്റിയുള്ള ഒരാശയത്തിനുവേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്. അല്ലാതെ മറ്റൊന്നിനുമല്ല. സർവ്വശക്തനായ അല്ലാഹുമായി താരതമ്യം ചെയ്യുവാനുള്ള ഒന്നും തന്നെയില്ല. അവൻ താരതമ്യത്തിന്നതീതനാണ്. എല്ലാ നിലയിലും അവൻ മഹത്വമുള്ളവനാകുന്നു. അവൻ അനന്തനാകുന്നു. അവനല്ലാത്ത, മറ്റെല്ലാം നശിക്കുന്നതാണ്. അതായത് മറ്റൊന്നും നിലനല്ക്കുന്നതല്ല. അല്ലാഹു(ത) അവനാണ്, സർവ്വശക്തനായവൻ, എല്ലാത്തിനെയും നിലനിർത്തിയിരിക്കുന്നതും അവൻ തന്നെയാണ്.

സർവ്വശക്തനായ അല്ലാഹുവിനെ മാറ്റിനിർത്തിയാൽ, എല്ലാം നിലനില്ക്കുന്നത് നശിക്കുന്നതിനു വേണ്ടിയാണ്. അവനിൽ ഒരു നേരിയ കുറവോ, തെറ്റോ കണ്ടെത്തുകയില്ല. അതിന്റെ കാരണം സർവ്വശക്തനായ അല്ലാഹു അനന്തനാണ്. അവൻ എല്ലാത്തിനും അതീതനാണ്. എല്ലാത്തിനേയും അവൻ ചൂഴ്ന്നു നില്ക്കുന്നു. അവൻ എല്ലാത്തിനേയും നിയന്ത്രിക്കുന്നു. അവൻ എല്ലാറ്റിന്റെയും ഉപരിയായി നിലകൊള്ളുന്നു. അല്ലാഹുവിൽ വിശ്വാസമുള്ള ഒരു വ്യക്തി, അൽകബീറിൽ വിശ്വാസമുള്ള ഒരു വ്യക്തി, വ്യർത്ഥമായ യാതൊരു പ്രവർത്തിയിലും ഏർപ്പെടാതെ, എല്ലായ്പ്പോഴും സൂക്ഷ്മത പാലിക്കുന്നവനായിരിക്കും. അവൻ എല്ലായ്പ്പോഴും സർവ്വശക്തനായ അല്ലാഹുവിന്റെ സഹവാസത്തിൽ സുരക്ഷിതനായിരിക്കും. അവൻ അൽകബീർ ആയ അല്ലാഹുമായി സദാ ബന്ധിതമായിരിക്കും. അവൻ യാതൊരുവിധ അധമതയിലും പതിക്കുന്നതല്ല. അവൻ അൽകബീറുമായി, എത്രത്തോളം ധാനനിമഗ്നാനാകുന്നുവോ, അത്രത്തോളം അവൻ ആത്മവിശ്വാസമുള്ളവനായിരിക്കും, വിനയാന്വിതനായിരിക്കും, മൃദുമാനസനായിരിക്കും, സൗഹൃദസമ്പന്നനായിരിക്കും.

## Al-Mujeeb : അൽമുജീബ്

സർവ്വശക്തനായ അല്ലാഹു ആകുന്നു അൽമുജീബ്, അതായത് അവൻ അവന്റെ ദാസന്മാരുടെ പ്രാർത്ഥനകൾക്ക് ഉത്തരം നല്കുന്നവനാണ്. അവനോട് പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനകൾക്ക് അവൻ ഉത്തരം നല്കുന്നു. അവരുടെ രക്ഷ യ്ക്കായി അവൻ വരുന്നു. അവരുടെ പ്രശ്നങ്ങളിൽ നിന്നും, പ്രയാസങ്ങളിൽ നിന്നും അവർക്കവൻ ആശ്വാസം പകരുന്നു.

സർവ്വശക്തനായ അല്ലാഹു പറയുന്നു എന്നെ സംബ ന്ധിച്ച് എന്റെ ദാന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയു ക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കു ന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കും. അവൻ എന്നെ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ! അതുകൊണ്ട്, അവർ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കു കയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി (2:187)

സർവ്വശക്തനായ അല്ലാഹു ഈ വചനത്തിലൂടെ ഒരു വാഗ്ദാനം ചെയ്തിരിക്കുന്നു. അവനോട് എന്തെങ്കിലും ആവ ശ്യപ്പെട്ടു കൊണ്ട് അവരുടെ കൈകൾ ഉയർത്തിയാൽ, അവൻ അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്നതാണ് എന്ന്! അവൻ ആരെയും ഒഴിഞ്ഞ കയ്യോടെ മടക്കുകയില്ല. അതു കൊണ്ട് അവനോട് ചോദിക്കുന്നതിന് ഒരാളും വിമുഖതകാ ട്ടേണ്ടതില്ല. അവനെന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ചോദി ക്കാം. അവനെന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ അത് മാറുന്ന തിനായി അർത്ഥിക്കാം. സർവ്വശക്തനായ അല്ലാഹുവിന്റെ വാതിൽ 24 മണിക്കൂറും തുറന്നു കിടക്കുകയാണ്.

നിയമാനുസൃതമായ എന്തും അവനോട് ചോദിക്കാം, ആവശ്യപ്പെടാം. ഏതു സമയത്തും ചോദിക്കാം, അവനോട് എപ്പോൾ ചോദിക്കണമെന്ന് അവൻ കരുതുന്നുവോ, അപ്പോൾ ചോദിക്കാം. അൽമുജീബ് ആയവനോട് ഒരുവൻ ധ്യാനത്തി ലായാൽ, അവന് എപ്പോഴും പ്രതീക്ഷ വെച്ചു പുലർത്താം,

കാരണം അൽമുജീബ് ആയവന്റെ സവിശേഷമായ ഗുണം, അവന് എപ്പോഴും പ്രതീക്ഷ നല്കുന്നതുതന്നെയാണ്. പ്രയാസഘട്ടങ്ങളിൽ അവനൊരിക്കലും നിരാശനാവുകയില്ല. കാരണം അവനറിയാം അല്ലാഹു(ത) അവൻ എപ്പോഴും അൽമുജീബ് ആണെന്ന്! അവൻ അവനെ സഹായിക്കും, അവൻ ഉത്തരം നല്കും. അവനൊരു മരുഭുമിയിലകപ്പെട്ടാലും അവനവിടെ ഒറ്റയ്ക്കല്ല. അവൻ ഭക്ഷണമില്ലാതെ, പിന്താങ്ങുവാൻ ആരുമില്ലാതെ ആയാലും, അവനൊറ്റയ്ക്കല്ല! അവനോടൊപ്പം, അൽമുജീബായ അല്ലാഹു ഉണ്ട്. അവന്റെ വാതിൽ വിശാലമായി തുറക്കപ്പെട്ടതാകുന്നു.

## Al-Wassi : അൽവാസിഉ:

വാസിഉ എന്നു പറഞ്ഞാൽ വിശാലതയുള്ളവൻ എന്നാകുന്നു അർത്ഥം. ഈ വാക്ക് അല്ലാഹു(ത)യുമായി ചേർത്തു പറയുമ്പോൾ ഇതിന്റെ അർത്ഥം സർവ്വശക്തനായ അല്ലാഹു എല്ലാ സീമകൾക്കും അതീതനാണ് എന്നാകുന്നു! അവന്റെ സിംഹാസനം ആകാശവും ഭൂമിയും മറ്റു സൃഷ്ടികളും എല്ലാം കടന്നുപോകുന്നതാകുന്നു. സർവ്വശക്തനായ അല്ലാഹു എല്ലാം നിയന്ത്രിക്കുന്നു. എല്ലാത്തിന്റെ മേലും അവന് അധീശത്വമുണ്ട്. അവന്റെ സാമ്രാജ്യത്തിൽ നിന്നും ഒന്നും ഒഴിവാക്കപ്പെടുന്നതല്ല. അവന്റെ അനുഗ്രഹവും പാരിതോഷികവും എല്ലാവർക്കുമായി തുറക്കപ്പെട്ടിരിക്കുന്നു!

സർവ്വശക്തനായ അല്ലാഹുവിനെ നമുക്കെല്ലാവർക്കും ആവശ്യമുണ്ട്. അവന്റെ അനുഗ്രഹങ്ങളിൽ, നിന്നും ഒന്നിനും ഒഴിവായി നില്ക്കുവാൻ സാധിക്കുകയില്ല. സർവ്വശക്തനായ അല്ലാഹുവിന്റെ അറിവ്, ഈ പ്രപഞ്ചത്തിലെ ഓരോ ആറ്റത്തിനെയും ചൂഴ്ന്ന് നില്ക്കുന്നു. ഓരോ ആറ്റത്തിലും അതിന്റെ സമ്പൂർണ്ണത ദർശിക്കാവുന്നതാണ്.

അങ്ങനെ, സർവ്വശക്തനായ അല്ലാഹു അൽവാസിഉ ആകുന്നു. എന്തുകൊണ്ടെന്നാൽ, അവന്റെ അറിവ്, ശക്തി, അനുഗ്രഹം ഇവയ്ക്കൊന്നും പരിധിയില്ല. സർവ്വശക്തനായ അല്ലാഹുവിന്റെ ഓരോ സവിശേഷ ഗുണവും തന്റെ ദാസ

ന്മാർക്ക് ഓരോ സന്ദേശം നല്കുന്നതാണ്. ഈ സവിശേഷമായ ഗുണനാമത്തിൽ ഏതൊരു വ്യക്തി ശ്രദ്ധകേന്ദ്രീകരിക്കുകയും, ജാഗ്രതയോടെ നോക്കി കാണുകയും ചെയ്യുന്നുവോ, അൽവാസിഉ (എന്ന ഗുണനാമത്തെ) അവർ അപ്രകാരം മസ്സിലാക്കിയാൽ, അവൻ അവന്റെ ജീവിതത്തിൽ ഒരിക്കലും നിരാശനാവുകയില്ല, ഒരു സാഹചര്യത്തിലും! കാരണം അവനൊരു സൃഷ്ടാവുണ്ട്, അവനാവശ്യമുള്ളതെല്ലാം അവനിലുണ്ട്. അവനോടു മാത്രം ചോദിച്ച് അവന്റെ ആവശ്യങ്ങളൊക്കെ നിറവേറ്റുവാൻ അവനറിയാം. അവന്റെ ആവശ്യനിർവ്വഹണത്തിന് അവൻ മറ്റെങ്ങും അലഞ്ഞു നടക്കേണ്ടതില്ല. അവന്റെ സമയം നഷ്ടപ്പെടുത്തേണ്ടതുമില്ല. സർവ്വശക്തനായ അല്ലാഹുവിനോട് കൂറുപുലർത്തേണ്ടതിന്റെ ആവശ്യകതയെകുറിച്ചവനറിയാം. സർവ്വശക്തനായ അല്ലാഹുവിനെ മാത്രമാണ് അവന്റെ യഥാർത്ഥ അവലംബമായി അവൻ തെരഞ്ഞെടുക്കുന്നത്.

## Al-Wadud : അൽവദൂദ്:

വുദ്ദ് എന്ന വാക്കിൽ നിന്നാണ് വദൂദ് എന്ന വാക്ക് ഉത്പന്നമാകുന്നു. വദൂദ് എന്ന വാക്കിന്റെ അർത്ഥം സ്നേഹം, കൂട്ടുകൂടൽ, സൗഹൃദം, എന്നൊക്കെയാണ്. അപ്പോൾ വദൂദ് എന്നതുകൊണ്ടർത്ഥമാക്കുന്നത് ഈ ഗുണം വളരെയധികം ഉള്ള ഒരാൾക്ക് വദൂദ് എന്ന് പറയാവുന്നതാണ്. സർവ്വശക്തനായ അല്ലാഹുവിനെ നാം അൽവദൂദ് എന്ന് വിളിക്കുന്നു. കാരണം ഒരു മാതാവ് തന്റെ കുഞ്ഞിന് പാൽകൊടുക്കുമ്പോൾ, പ്രസ്തുത മാതാവ് പ്രകടമാക്കുന്നതിനേക്കാൾ സ്നേഹം, അവൻ(അല്ലാഹു) തന്റെ ദാസന്മാരോട് പ്രകടമാക്കുന്നു. സർവ്വശക്തനായ അല്ലാഹുവിനോട് അനുസരണത്തിൽ കഴിയുന്ന ദാസന്മാരോട്, അവനോട് നിഷ്ക്കളങ്കമായ നിലയിൽ പെരുമാറുന്നവരോട്, ഈ സൗഹൃദം വളരെ കൂടുതലായിരിക്കും. സർവ്വശക്തനായ അല്ലാഹു അൽവദൂദ് ആകുന്നു. കാരണം അവന്റെ സൗഹൃദം പരിധിയില്ലാത്തതാണ്. എല്ലാ രൂപത്തിലുള്ള സ്നേഹത്തിന്റെയും, ഉറവിടവും ഉല്പത്തിയും, അവനിൽ നിന്നുതന്നെ

യാണ്. ഈ പ്രപഞ്ചത്തിൽ നാം കാണുന്ന എല്ലാ സൗഹൃദങ്ങളും സ്നേഹവും സർവ്വശക്തനായ അല്ലാഹുവിൽ നിന്നുള്ള സ്നേഹത്തിന്റെ ഒരു ജ്യോതിർബിന്ദുവാണ് അഥവാ ഒരു കണിക മാത്രമാണ്. അതൊരു ദൈവീക ദൃഷ്ടാന്തമാകുന്നു. ഈ ഉദാഹരണം ഇത് സംബന്ധമായി നിങ്ങൾക്ക് ഒരാശയം കിട്ടുന്നതിനുവേണ്ടി പറഞ്ഞതാണ്. സർവ്വശക്തനായ അല്ലാഹുവിനുള്ള പ്രസ്തുത സ്നേഹവായ്പ് ഒരു രീതിയിലും കുറയ്ക്കാവതല്ല.

നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം, സർവ്വശക്തനായ അല്ലാഹുവിന്റെ സ്നേഹം, മാനവരാശിയിൽ ഒരു സ്വാധീനം ചെലുത്തുന്നുണ്ട്. ചിലപ്പോൾ അവൻ ഈ സ്നേഹം അനുഭവിച്ചറിയാറുമുണ്ട്. എന്നാൽ ഇത് സർവ്വശക്തനായ അല്ലാഹുവിന്റെ മേൽ, പറയുവാൻ നമുക്ക് കഴിയില്ല. കാരണം അവൻ ഈ സ്നേഹത്തിനെല്ലാം അതീതനാണ്. മനുഷ്യനോട് അവന് സ്നേഹമുണ്ടെന്നിരിക്കിലും അവൻ ഒരിക്കലും ഈ സ്നേഹവുമായി പോകുന്നവനല്ല. അവനൊന്നം എടുത്തുപോകണ്ടതില്ല. അല്ലെങ്കിൽ അവൻ ഒന്നിന്റെ മേലും സ്വാധീനിക്കപ്പെടാവതുമല്ല. അവൻ എല്ലാത്തിനും അതീതനാണ്; അവൻ എല്ലാം നിയന്ത്രിക്കുന്നു. അവൻ എല്ലായിടത്തും സന്നിഹിതനുമാണ്.

ഒരു വ്യക്തിയിൽ എന്തെങ്കിലും ഗുണങ്ങളോ, മേന്മകളോ, കഴിവുകളോ നിങ്ങൾ കാണുന്നുവെങ്കിൽ നിങ്ങൾ മനസ്സിലാക്കുക അത് സർവ്വശക്തനായ അല്ലാഹുവിൽ നിന്ന് വന്നതാണെന്ന്! എല്ലാ നന്മകളുടെയും ഉറവിടം സർവ്വശക്തനായ അല്ലാഹുവിൽ നിന്നുള്ളതാകുന്നു. ആയതിനാൽ സർവ്വശക്തനായ അല്ലാഹു അൽവദൂദ് ആകുന്നു. കാരണം അവനിൽ എല്ലാം തന്നെയുണ്ട്. സൗഹൃദവും സ്നേഹവും ഒക്കെ ആകർഷിക്കപ്പെടുന്നതാണ്. ആത്മീയ വിശ്വാസത്തിൽ നിന്നും മറ്റുമുളവാക്കുന്ന ഒരാളുടെ മനഃസുഖം, അത്യാഹ്ളാദം അതൊന്നും സർവ്വശക്തനായ അല്ലാഹുമായുള്ള, കണ്ണടച്ചു തുറക്കുന്ന നേരത്തുള്ള അനുഭൂതിയുമായി താരതമ്യം ചെയ്യപ്പെടാവുന്നതല്ല. അൽവദൂദുമായുള്ള ഒരു ചെറിയ ആശയം ആരംഭിക്കുമ്പോഴുള്ള സുഖം

അഥവാ കണ്ണുചിമ്മി തുറക്കുന്ന നേരത്തേക്കുള്ള സുഖം, അത് മറ്റൊന്നുമായി താരതമ്യം ചെയ്യാവതല്ല.

മനുഷ്യൻ(മാനവകുലം)തന്നെപോലുള്ള മറ്റൊരു മനുഷ്യനെ തടുക്കുവാൻ കഴിയാത്ത നിലയിലാവുകയാണെങ്കിൽ, അവന്റെ കഴിവും സൗന്ദര്യവും നശ്വരമായതുമാണെങ്കിൽ, വെറും ക്ഷണികവും അല്പായുസ്സുള്ളതുമാണെങ്കിൽ, ഈ അല്പമായ സ്നേഹവും സൗഹൃദവും കൊണ്ട് എന്ത് നേടുവാനാണ്? സർവ്വശക്തനായ അല്ലാഹുവിൽ നിന്ന് വരുന്ന ഈ അല്പ സ്നേഹത്തിന് എന്ത് പ്രസക്തിയാണുള്ളത്?

സർവ്വശക്തനായ അല്ലാഹുമായും അവന്റെ ദൂതനുമായുള്ള കൂട്ടുകൂടൽ, വിശ്വാസത്തിന്, ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകമാണ്. സർവ്വശക്തനായ അല്ലാഹുമായി അവന്റെ ദൂതനുമായി മറ്റെന്തിനെക്കാളും ഉപരിയായി അവന് സൗഹൃദം ഉണ്ടായിരിക്കണം. മറ്റേതൊരാളെക്കാളും, ഉപരിയായി, അത് മാതാപിതാക്കളേക്കാളും, മക്കളെക്കാളും, സാധാനങ്ങളെക്കാളും, ധനത്തേക്കാളും, ഒരുവൻ ഇഷ്ടപ്പെടുന്ന മറ്റെന്തിനേക്കാളും ഉപരിയായി അവന് സ്നേഹമുണ്ടായിരിക്കണം. സർവ്വശക്തനായ അല്ലാഹുമായുള്ള സൗഹൃദം ഉടലെടുക്കന്നത് സർവ്വശക്തനായ അല്ലാഹുവിനെ അനുസരിക്കുന്നതിലൂടെയാണ്. അതായത്, സർവ്വശക്തനായ അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസൃതമായി ജീവിക്കുക. അല്ലെങ്കിൽ സർവ്വശക്തനായ അല്ലാഹു അവൻ ജീവിക്കുന്നത് എങ്ങനെയായിരിക്കണമെന്നുദ്ദേശിക്കുന്നുവോ അതുപോലെ ജീവിക്കുക. അല്ലാഹുവിന്റെ ദൂതൻ(സ)നെ പിൻതുടരുന്നതിലൂടെയല്ലാതെ അവന്റെ യാതൊരു വിധ നടപടിക്രമവും പ്രവർത്തനങ്ങളും സ്വീകരിക്കപ്പെടുന്നതല്ലാ, അംഗീകരിക്കപ്പെടുന്നതല്ല. അപ്പോൾ സർവ്വശക്തനായ അല്ലാഹുവിനോടുള്ള സ്നേഹം പ്രകടമാക്കുന്നത് അല്ലാഹുവിന്റെ ദൂതനെ(സ) പിൻപറ്റുന്നതിലൂടെയാണ്. അല്ലാഹു(ത)യുടെ ദൂതനെ നാം എത്രകണ്ട് കൂടുതലായി പിൻപറ്റുന്നുവോ, അത്രത്തോളം നാം സർവ്വശക്തനായ അല്ലാഹുമായി

അടുപ്പത്തിലായിതീരുന്നതാണ്. നാം അവനോട് എത്രത്തോളം സ്നേഹം സ്വരുക്കൂട്ടുന്നുവോ, എത്രത്തോളം അതിനായി, സൗഹൃദത്തിനായി പണിപ്പെടുന്നുവോ, അത്രത്തോളം, നല്ല പ്രതിഫലം നാം വിളയിക്കുന്നതാണ്.

യാ!അല്ലാഹ്! നിന്റെ സ്നേഹം ഞങ്ങൾക്കായി പ്രദാനം ചെയ്താലും ! യാ ! അല്ലാഹ്! നിന്റെ പ്രവാചകൻ (സ)യുടെ സ്നേഹം ഞങ്ങൾക്കായി പ്രദാനം ചെയ്താലും, ഞങ്ങൾക്ക് പ്രവാചകൻ (സ)യുടെ തിരുചര്യപിൻപറ്റുവാനുള്ള ഇച്ഛാശക്തി നല്കി അനുഗ്രഹിച്ചാലും ! (ആമീൻ)

പരമാർത്ഥം ഇതാണ്, അതായത് സർവ്വശക്തനായ അല്ലാഹു അൽവദൂദ് ആയിരിക്കെ, അവൻ ആവശ്യപ്പെടുന്നത്, നാം അവന്റെ സ്നേഹം തേടേണ്ടതാണ് എന്നാണ്! ആ സ്നേഹം മറ്റെല്ലാ സ്നേഹങ്ങളെയും കടന്നുപോകുന്നതായിരിക്കണം. പ്രസ്തുത സ്നേഹം മറ്റെല്ലാ സ്നേഹങ്ങളെയും മൃദുവായതാക്കുകയും രുചിയില്ലാത്തതാക്കുകയും ചെയ്യേണടതാണ്. നമ്മുടെ എല്ലാ വിചാരവികാരങ്ങളെയും അഭിരുചികളെയും നിയന്ത്രിക്കുന്നത് ആ സ്നേഹ സൗഹൃദം ആയിരിക്കണം. ഈ സൗഹൃദ ലവൽ, എല്ലാ പ്രയാസങ്ങളെയും എളുപ്പമുള്ളതാക്കി തീർക്കുന്നതാണ്. പ്രസ്തുത സ്നേഹവായ്പ് രാത്രിയിൽ അല്ലാഹുവിനെ ഇബാദത്ത് ചെയ്യുന്നത് അവന് ആസ്വാദ്യകരവും മധുരതരവുമാക്കി മാറ്റുന്നു. താത്ക്കാലികമായ സുഖഭോഗങ്ങളിലേർപ്പെടുന്നത് അവന് വെറുപ്പുള്ളതാക്കി മാറ്റുന്നു. ഇത് നാം സുവ്യക്തമായും പൂർണ്ണമായും കാണുന്നത് സഹാബെ കിറാമിന്റെയും, താബിഈങ്ങളുടെയും, താബിഇത്താബിഈങ്ങളുടെയും, മുജദ്ദിദീങ്ങളുടെയും, അല്ലാഹു(ത)തെരഞ്ഞെടുക്കുന്നവരുടെയും ജീവിതത്തിലൂടെ ആകുന്നു. അവരുടെ ജീവിതത്തിലെ കൂടുതൽ ഭാഗങ്ങളിലും ഈ അവസ്ഥാവിശേഷം പ്രകടമാകുന്നതാണ്. ഒരു ആപ്തവാക്കിൽ ഇപ്രകാരം പറയുന്നു. ഒരു വ്യക്തിയുടെ പരിതസ്ഥിതികൾ അവന്റെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു. ഇത്

വളരെ ശരിയുമാണ്.

അല്ലാഹു(ത)യുടെ തിരുദൂതർ(സ) പറയുകയുണ്ടായി, അതായത് ഒരു വ്യക്തി, അവന്റെ അടുത്ത കൂട്ടുകാരനെ പോലെയിരിക്കും. സ്വാത്വികരായ മഹാസത്യവാന്മാരായ ആളുകളുടെ സാന്നിധ്യത്തിൽ കഴിയുന്നത് ഒരു വ്യക്തിയുടെ നല്ല പെരുമാറ്റത്തിനും, നല്ല വ്യക്തിത്വത്തിനും നിദാനമായി തീരുന്നു. മറിച്ചുള്ളതൊന്നും നല്ലതിലേക്കല്ല. നേരായ വഴിയ്ക്ക്, ഈ ഒരു വഴി മാത്രമാണുള്ളത്. അപ്പോൾ സർവ്വശക്തനായ അല്ലാഹുവിനോടും അവന്റെ പ്രവാചകൻ(സ)നോടും സ്നേഹം സ്ഥാപിക്കുന്നതിന് ഒന്നാം സ്ഥാനം നൽകുക. ബാക്കി എല്ലാം രണ്ടാം സ്ഥാനത്തായിരിക്കണം. ഈ സ്നേഹസൗഹൃദ സ്ഥാപനത്തിന് മഹാസത്യവാന്മാരുമായുള്ള സഹവാസം കൂടെകൂടെ ഉണ്ടാകേണ്ടത് അനിവാര്യമായ ഘടകമാകുന്നു. അല്ലാഹു(ത)യും അവന്റെ ദൂതനും ഒന്നാം സ്ഥാനത്ത് ഇത്തരം ഒരു സൗഹൃദം ഉണ്ടാകുന്നതിന്, സർവ്വശക്തനായ അല്ലാഹുവിന്റെ സ്നേഹത്തിന്റെ മുമ്പിൽ, മറ്റെല്ലാം അപ്രസ്കതങ്ങളായി മാറുമ്പോൾ മാത്രമെ അത് സാധ്യമാവുകയുള്ളു. അതിനായി അവന്റെ ജീവിതം സമർപ്പിക്കുന്നതിലൂടെ മാത്രമെ അതു നേടുവാൻ സാധിക്കുകയുള്ളു. നിങ്ങൾ നിങ്ങളുടെ ജീവിതം നല്കൂ. നിങ്ങളുടെ അന്തസ്സ് നല്കൂ, നിങ്ങളുടെ സമയം നല്കു; നിങ്ങളുടെ ധനം നല്കൂ. തുടങ്ങിയതെല്ലാം നിങ്ങൾ അല്ലാഹുവിനും അവന്റെ ദൂതനുമായി സമർപ്പിക്കു. ഈ സമർപ്പണം അത് എളുപ്പമല്ല എന്നു മാത്രമല്ല, മറിച്ച് ഇത് ഈ സമർപ്പണം ആസ്വാദ്യകരവുമായിരിക്കണം.

ഇപ്പോൾ ഞാൻ ഇതിനെ ചുരുക്കി ഇതു സംബന്ധമായി ഇത്രമാത്രം പറയുകയാണ്. സത്യവുമായി നിങ്ങൾ ഒരു ബന്ധം സ്ഥാപിക്കാതെ, നിങ്ങൾക്ക് ഈ ലോകത്തോ, നാളെ പരലോകത്തോ വിജയം നേടുവാൻ സാധിക്കുകയില്ല. നാം ഒരു സത്യ ജമാഅത്തായി രൂപം കൊണ്ടിട്ടുള്ളതാകുന്നു. നാം ഇങ്ങനെ പറയുന്നതാണ് കൂടുതൽ ശരിയായിട്ടുള്ളത്. അതായത് ഈ

ജമാഅത്തിലെ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ, ഓരോ അംഗവും, സത്യത്തിന് ഒന്നാം സ്ഥാനം നല്കാത്തിടത്തോളം കാലം, നമുക്ക് ഇഹലോകത്തോ നാളെ പരലോകത്തോ വിജയത്തിലെത്തിച്ചേരുവാൻ സാധിക്കുകയില്ല. ഹഖ് എന്ന അല്ലാഹു(ത)യുടെ സവിശേഷ ഗുണനാമം മറ്റെല്ലാ സവിശേഷ ഗുണനാമങ്ങളുമായി ചേർന്നു നില്ക്കുന്നതാണ്. എന്റെ മുൻകഴിഞ്ഞ പ്രഭാഷണങ്ങളിലൂടെ ഹഖ് എന്ന ഗുണനാമത്തിന്റെ വിവിധ വശങ്ങൾ വിശദീകരിച്ച് വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

ഈ എല്ലാ മാതൃകയും നമ്മുടെ നിത്യജീവിതത്തിൽ പിന്തുടരുവാൻ അല്ലാഹു(ത) നമുക്ക് കഴിവ് പ്രദാനം ചെയ്യട്ടെ! ആമീൻ! സുമ്മ ആമീൻ! യാ റബ്ബൽ ആലമീൻ!

## THE “COVID-19 & QUARANTINE ACTS”

## കോവിഡ് 19ഉം ക്വാറന്റയിൻ നിയമങ്ങളും

ഇനി ഞാൻ നമ്മുടെ രാജ്യത്തെ ചില വാർത്തകൾ സംബന്ധമായി ചിലത് പറയുകയാണ്, വിശിഷ്യാ പുതിയ കോവിഡ് 19 ഉം ക്വാറന്റെയ്ൻ നിയമങ്ങളും സംബന്ധമായി! ഈ അടുത്തസമയത്ത് സർക്കാർ പാസ്സാക്കിയ നിയമങ്ങളാണവ.

ഒരു മൗറിഷ്യൻ പൗരൻ എന്ന നിലയിൽ കോവിഡ് 19 ബില്ലിനെപറ്റി ചില കാര്യങ്ങൾ പറയുവാനുള്ള അവകാശം എനിക്കുമുണ്ട്. അതുപോലെ 2020 ജൂൺ 4–ാംതീയതി വ്യാഴാഴ്ച സമർപ്പിക്കുന്ന 2020–2021 ബഡ്ജറ്റ് സംബന്ധമായും ചിലത് പറയേണ്ടിയിരിക്കുന്നു. എല്ലാ മൗറിഷ്യൻകാർക്കും കോവിഡ്–19 ബിൽ സംബന്ധമായും ക്വാറന്റെയ്ൻ ബിൽ സംബന്ധമായും നല്ലതുപോലെ അറിയാം. കാരണം നാഷണൽ അസംബ്ളിയിലെ പ്രധാന വാർത്ത ഈ വിഷയം സംബന്ധമായിട്ടുള്ളതായിരുന്നു.

എന്തായാലും ഈ തീരുമാനം പാർലമെന്റിലും രാജ്യത്തും ഐക്യകണ്ഠേന ഉള്ളതായിരുന്നില്ല. വ്യക്തിപരമായി, ഞാൻ മനസ്സിലാക്കുന്നത്, ഈ ബിൽ അവതരണത്തിനു മുൻപ് ആവ

ശ്യമായ ചർച്ചകളോ ആശയ വിനിമയങ്ങളോ നടന്നിട്ടില്ല എന്ന താണ്. ഏതായാലും നമ്മുടെ പൗരന്മാരുടെ സ്വാതന്ത്ര്യത്തെ, തൊഴിൽ അവകാശങ്ങളെ, സെൻട്രൽ ബാങ്ക് നിയമങ്ങളെ ഒക്കെ ബാധിക്കുന്നതാണ്. പൊതുഖജനാവിലെ പണം ഗവൺമെന്റിന്. സുതാര്യതയില്ലാതെ, നിയന്ത്രണവിധേയമില്ലാ തെ, കണക്ക് സമർപ്പിക്കാതെ വിനിയോഗിക്കുവാൻ ഉള്ള അധി കാരം ലഭ്യമാകുന്നു. (ഒരാളോടും കണക്കു ബോധിപ്പിക്കാതെ)

കോവിഡ്-19 ബിൽ ഫണ്ട് രൂപീകരണം സംബന്ധമായി മുമ്പെങ്ങും കണ്ടിട്ടില്ലാത്ത കർക്കശ നിലപാടുകൾ ഉൾപ്പെടു ത്തിയിരിക്കുന്നു. അത് ജനാധിപത്യത്തെ അപകടപ്പെടുത്തുന്ന താണ്. കോവിഡ് 19 നിയമവും ക്വാറന്റെയ്ൻ നിയമവും അതി കഠിനമായ പിഴകളാണ് ചുമത്തപ്പെട്ടിരിക്കുന്നത്.

56 നിയമങ്ങളുടെ അനേകം വകുപ്പുകൾ ഭേദഗതി വരു ത്തുകയുണ്ടായി. കോവിഡ് 19 (വിവിധങ്ങളായ വകുപ്പുക ളിൽ) നിയമനിർമ്മാണവും, ക്വാറന്റെയ്ൻ നിയമവും ദേശീയ അസംബ്ലി മെയ് 15 വെള്ളിയാഴ്ച പാസ്സാക്കുകയുണ്ടായി, അടു ത്തദിവസം മുതൽ തന്നെ നിയമം പ്രാബല്യത്തിൽ വരുത്തു കയുമുണ്ടായി, അതിലൂടെ ചട്ടലംഘനം നടത്തുന്നവരെ ജയി ലിലടയ്ക്കുവാനും പിഴചുമത്തുവാനുമുള്ള അധികാരം സർക്കാരിന് ലഭ്യമായി. ചുരുക്കത്തിൽ, ഞാൻ ചില കാര്യങ്ങൾ എടുത്തു കാണിക്കുകയാണ്.

1. കെമിക്കൽ ഫെർട്ടിലൈസേഴ്സ് കൺട്രോൾ ആക്ട് പ്രകാരം 1000 രൂപയിൽ നിന്നും 10000 രുപയിലേക്ക് (ഫൈൻ) മാറുന്നു.
2. പൊതുസ്ഥലത്തു തുപ്പിയാൽ 5000 രൂപവരെ പിഴ ചുമത്താം അല്ലെങ്കിൽ 30 ദിവസം വരെ തടവിൽ പാർപ്പിക്കാം
3. പരിസ്ഥിതി സംരക്ഷണ നിയമം-കോഴിവളർത്തൽ ഫാമി ന്- 5000 രൂപയിൽ നിന്ന് 15000 രൂപ വരെ പിഴ!
4. സാനിറ്ററി കർഫ്യൂ (രോഗബാധതടയൽ) പ്രകാരം അതി

നുള്ള ക്രമീകരണങ്ങൾ ചെയ്യാത്തവരിൽ നിന്ന് 50000/-രൂപ പിഴയോ 2 വർഷം വരെ തടവോ ലഭ്യമാക്കാവുന്ന ശിക്ഷ യാക്കി മാറ്റി.

5. കൈക്കൂലി കൊടുക്കൽ/വാങ്ങൽ 10000/-രൂപയിൽ നിന്ന് 50000/- രൂപയായി ഉയർത്തി അല്ലെങ്കിൽ 5 വർഷ ജയിൽ വാസം.
6. പബ്ളിക് ഓഫിസേഴ്സ് പ്രൊട്ടക്ഷൺ നിയമ പ്രകാരം 200,000/- രൂപ പിഴയോ 5 വർഷത്തിൽ കൂടുതലാകാത്ത തടവു ശിക്ഷയോ ലഭിക്കുന്നതാണ്.
7. Light Rail Act പ്രകാരം 10 ലക്ഷം രൂപാ പിഴ അല്ലെങ്കിൽ 5 വർഷം വരെ തടവുശിക്ഷ
8. ക്വാറന്റെയ്ൻ നിയമം 500000/- രൂപാവരെ പിഴ അല്ലെങ്കിൽ 5 വർഷം വരെ തടവുശിക്ഷ
9. പൊതുജനാരോഗ്യ നിയമം 200000/- രൂപാ വരെ പിഴ അല്ലെ ങ്കിൽ 5 വർഷം വരെ തടവുശിക്ഷ.

എല്ലാം എനിക്കിവിടെ വിവരിക്കുവാൻ പറ്റില്ല. കാരണം ഈ ലിസ്റ്റ് വളരെ ദൈർഘ്യമേറിയതാണ്. ഓരോ ദിനം കഴിയു ന്തോറും സാഹചര്യം വളരെ വഷളായി കൊണ്ടിരിക്കുകയാ ണ്. ടൂറിസവും ട്രാൻസ് പോർട്ടും, ഇവ രണ്ടിനേയും കോവിഡ് വളരെയധികം ബാധിക്കുന്ന രണ്ടു മേഖലകളാണ്. **Manufacturing Free -Trade Zone** നേയും വളരെയധികം പ്രയാസം ബാധ ച്ചിരിക്കുകയാണ്. 2019 ആദ്യത്തെ മൂന്ന് മാസത്തെ ഉല്പാദനം തട്ടിച്ചു നോക്കിയാൽ 10% കുറവ് സംഭവിച്ചു കഴിഞ്ഞു.

ഈ പകർച്ച വ്യാധിയുടെ കടന്നാക്രമണത്തെ തുടർന്ന്, വാങ്ങുന്നവരുടെ മനോഭാവത്തിന് വളരെ വലിയ മാറ്റം സംഭ വിച്ചിരിക്കുന്നു. ആയതിനാൽ അത് ഈ സെക്ടറിൽ വളരെയ ധികം സ്വാധീനം ചെലുത്തികഴിഞ്ഞിരിക്കുന്നു. വ്യക്തിപരമായ എന്റെ നിഗമനപ്രകാരം, അപഗ്രഥന പ്രകാരം, അടുത്ത 5 വർഷ ത്തേക്ക് ടൂറിസം പഴയനിലയിലേക്ക് എത്തിച്ചേരുന്നതല്ല. ലോക്

ഡൗണിനു ശേഷം പ്രവർത്തനങ്ങൾ വീണ്ടും ആരംഭിക്കൽ, ഹോട്ടൽ ബിസിനസ്സ് തുടങ്ങിയവ 30%മുതൽ 40% വരെ മാത്ര മായിരിക്കും. ചില ഹോട്ടൽ ഗ്രൂപ്പുകളിൽ ഒന്നോ രണ്ടോ ഹോട്ട ലുകൾ മാത്രമായിരിക്കും തുറക്കപ്പെടുക.

നിർമ്മാണ സെക്ടർനെയും കൊറോണവൈറസ് വെറു തെവിടില്ല. ചെറിയവ്യാപാരത്തെയും ബാധിക്കാതിരിക്കില്ല. എയർ മൗറിഷ്യസും പാപ്പരത്തിൽ അകപ്പെടും. തൊഴിലില്ലായ്മ അതിശീഘ്രം വർദ്ധിക്കും. ദാരിദ്ര്യവും അസമത്വവും അധിക രിക്കും.

ആയിരക്കണക്കിന് നാട്ടുകാർക്ക് തൊഴിൽ നഷ്ടമാകും. ശമ്പളമില്ലാതെ അവധി എടുക്കുവാൻ നിർബന്ധിതരായി തീരും, ശമ്പളത്തോടെയുള്ള അവധി എടുക്കപ്പെടും, അനേകരുടെ ശമ്പളം വെട്ടിക്കുറയ്ക്കും, മറ്റു ആനുകൂല്യങ്ങളും അവകാശ ങ്ങളും ഇല്ലാതാക്കും. പെട്ടെന്നുണ്ടായ അമിത ഭീതിയിൽ, ഗവൺമെന്റ്, ബിസിനസ്സിന് നല്കിയ സാമ്പത്തിക പിന്താങ്ങൽ വേണ്ടാന്ന് വെയ്ക്കും.

ഈ വർഷാരംഭത്തിൽ മൗറിഷ്യസ് വെള്ള ലിസ്റ്റിൽ നിന്നും മങ്ങിയ ലിസ്റ്റിലേക്ക് മാറി, ഇന്നിപ്പോൾ അത് കറുത്ത ലിസ്റ്റിലാ യിരിക്കുന്നു. വാണിജ്യരംഗത്ത് ഭയാനകമായ ഒരടിയാണിത്!

അനേകം കെയ്സുകൾ നമ്മുടെ പ്രതിച്ഛായയ്ക്ക് മേൽ കരി നിഴൽ വീഴ്ത്തി. കമ്പനികളും ഉത്പന്നങ്ങളും പണം വെളിപ്പി ക്കുന്നതിനുള്ള അവരുടെ ഉപാധികൾ ഒക്കെ നിശ്ചലമായി. കരിം പട്ടികയിൽ ഉൾപ്പെട്ടതിനാൽ ഇനി അതൊന്നും നടക്കാൻ പോകു ന്നില്ല.

പ്രധാനമന്ത്രി പ്രവീന്ദ് ജൂഗ്നാഥ് 2020-2021 ബഡ്ജറ്റ് ജൂൺ 4-ാം തീയതി സമർപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയ തിനാൽ ധനകാര്യമന്ത്രി രംഗനാഥൻ പടയാച്ചിയ്ക്ക് സാമ്പത്തിക സാഹചര്യത്തെ നേരിടാൻ ഒരുപാട് കാര്യങ്ങൾ ചെയ്യേ ണ്ടതായി വരും.

രാഷ്ട്രീയ നേതാക്കന്മാർ, സാമ്പത്തിക വിദഗ്ധർ, ട്രെയ്ഡ് യൂണിയൻ നേതാക്കൾ മറ്റ് അനേകം പൗരമുഖ്യന്മാർ പറയുന്നു. 2020–2021 ബഡ്ജറ്റിൽ പൊതുജനങ്ങൾക്ക് ഭാരമുണ്ടാക്കുന്ന യാതൊരു നടപടിയും ആവിഷ്ക്കരിക്കരുതെന്ന്! ബഡ്ജറ്റ് അവതരണം ജൂൺ 4–ാം തീയതി ഉണ്ടാകും.

എന്റെ അഭിപ്രായത്തിൽ, നാമിപ്പോൾ സാമൂഹ്യമായും സാമ്പത്തികമായും ഒരു അടയിന്തിരാവസ്ഥയിലാണ്! അത്തരം ഒരു സാഹചര്യത്തിലൂടെയാണ് കടന്നു പോകുന്നത്. നമ്മുടെ സാമ്പത്തിക നില പിടിച്ച് നിർത്തി ശരിയായ ട്രാക്കിലെത്തിക്കുവാനുള്ള ഒരു ബഡ്ജറ്റാണ് നമുക്കാവശ്യമായിട്ടുള്ളത്. 2020–2021 ബഡ്ജറ്റിൽ സമൂഹത്തിലെ താഴെകിടയിലുള്ളവരുടെ സാമ്പത്തിക നില ഭദ്രമാക്കുന്നതിനുള്ള നടപടികളാണുണ്ടാകേണ്ടത്. മുൻഗണ കൊടുക്കേണ്ട കാര്യങ്ങളിൽ ഏറ്റവും മുന്തിയ മുൻഗണന കൊടുക്കേണ്ടത് ദാരിദ്ര്യ നിർമ്മാർജ്ജനമാണ്. ഗവൺമെന്റിന്റെ അടുത്ത മുൻഗണന നല്കേണ്ടത് തൊഴിൽ ദാന പ്രക്രിയയാണ്. ഭരണതലത്തിൽ അമിതവ്യയം എന്ന തെറ്റ് ആവർത്തിക്കരുത്, ഭരണതലം സുതാര്യമായിരിക്കണം.

പ്രൈവറ്റ് സെക്ടർ ലോബികളുടെ പിടിയിൽ, ഗവൺമെൻറ് വീണുപോകുമെന്ന് ഞാൻ ഭയപ്പെടുന്നു. സ്വയം തൊഴിൽ കണ്ടെത്തുവാൻ സഹായിക്കാത്ത നിലയിൽ ബഡ്ജറ്റ് വിഭാവവന ചെയ്യരുത്. സമ്പത്ത് ഏതാനുംപേരുടെ കയ്യിൽ കടന്നുകൂടുവാൻ അനുവദിക്കരുത്. സ്വയം സംരംഭകർക്കും, പീഡിതർക്കും പിന്താങ്ങൽ നല്കുന്ന ബഡ്ജറ്റായിരിക്കണം അവതരിപ്പിക്കേണ്ടത്.

നിലവിൽ ഒരു ഭയം രൂപപ്പെട്ടിട്ടുണ്ട്. ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്ന ഗവൺമെൻറിന് അത് വീണ്ടെടുക്കുവാൻ പ്രയാസമാണ്. മൗറിഷ്യൻ ജനതയ്ക്ക് ഈ ഗവൺമെൻറിലുള്ള വിശ്വാസം നഷ്ടമായിരിക്കുന്നു.

ആയതിനാൽ രാജ്യത്തെ, തിരിച്ച്, സാധാരണനിലയിലേക്ക്

കൊണ്ടു വരുന്നതിന്, ഏതൊക്കെ സെക്ടറുകൾക്കാണ് വളർച്ച അടിയന്തിരമായി നല്കേണ്ടത് എന്നതിനെ പറ്റി സർക്കാർ ആഴത്തിൽ ചിന്തിക്കേണ്ടതാണ്. അടിസ്ഥാന ഭക്ഷ്യ ധാന്യങ്ങൾ ഇവിടെതന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കുവാൻ ഞാൻ നിർദ്ദേശിക്കുകയാണ്. അത്തരം ഒരുനടപടി തൊഴിൽ സൃഷ്ടിക്കുകയും വരുമാനം ഉണ്ടാക്കു കയും ചെയ്യും. 10000 ഹെക്ടരിൽ കൂടുതൽ സ്ഥലം രാജ്യത്തു ടനീളം ഒന്നും ചെയ്യാതെ, തരിശായി കിടപ്പുണ്ട്, ഈ സ്ഥലം ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു ബ്രഹൃത് പദ്ധതിയുമായി സർക്കാർ രംഗത്തു വരേണ്ടതാണ്. അവിടെ ഭക്ഷ്യവസ്തുക്കൾ വിളയിക്കുന്ന ഭൂമിയായി അതിനെ മാറ്റണം. നാമിപ്പോൾ തികച്ചു ഭിന്നമായ ഒരു സാഹചര്യത്തിലാണുള്ളത്. ആയതിനാൽ ഉണർന്നെഴുന്നേല്ക്കൂ! ഒരു പുതുലോകസൃഷ്ടക്കായി!

ഇപ്പോൾ ഞാൻ തിരിഞ്ഞുനോക്കുമ്പോൾ, ഞാൻ മുൻപ് പറഞ്ഞകാര്യങ്ങൾ എത്ര ശരിയായിരിക്കുന്നു. ഇപ്പോൾ ആളു കൾ (കുറച്ചാളുകൾ) എന്റെ വാക്കുകൾ ശരിയാണെന്ന് സമ്മ തിക്കുന്നു. എനിക്കീ വെളിപാടുകൾ ലഭിച്ചപ്പോൾ, എനിക്ക് അല്ലാഹു വെളിപ്പെടുത്തി തന്നത് ഞാൻ പറയുകയുണ്ടായി, അതായത് ഓരോരുത്തരും തയ്യാറാകൂ, എഴുന്നേല്ക്കൂ! ഒരു പുതുലോകസൃഷ്ടിക്കായി! എന്നാൽ ഒരു വിഭാഗം ചെകിട് പൊട്ടന്മാരെ പോലെ പിന്മാറിപ്പോയി; മറ്റുള്ളവർ എന്നെ പരി ഹസിച്ചു. ഞാൻ കിറുക്കനാണെന്നു പറഞ്ഞു, എന്നെ മാനസി കാശുപത്രിയിൽ പ്രവേശിപ്പിക്കണമെന്നു പറഞ്ഞു. (ബൗൺ സെക്വാർഡ്)

2008 –2009 വർഷത്തിൽ എനിക്ക് ലഭിച്ച ദൈവീക വെളി പാടായിരുന്നു ഇത്! അത് 2010ലും തുടർന്ന് ലഭിച്ചുകൊണ്ടിരു ന്നു. അനേകം പ്രാവശ്യം പ്രസ്തുത വെളിപാട് ആവർത്തിച്ചു കൊണ്ടിരുന്നു. ഇന്ന്, ജനങ്ങൾ കോവിഡ്–19 മൂലം ഭ്രാന്തന്മാ രായി സമനിലതെറ്റിയവരായി തീർന്നിരിക്കുന്നു. നാമിന്ന് തികച്ചും ഭിന്നമായ ഒരു സാഹചര്യത്തിലാണ് നിലകൊള്ളുന്ന

ത്. നാമിന്ന് ഒരു പുതിയ ലോകത്തിലാണ്, ഒരു പുതിയ സാഹചര്യത്തിലാണ് നിലകൊള്ളുന്നത്. നാമിന്ന് ഒരു പുതിയ ലോകത്തിലാണ്, ഒരു പുതുലോകം ഉരുത്തിരിഞ്ഞു വന്നിരിക്കുന്നു. നാമൊരിക്കലും ഇനി പഴയലോകത്തിലേക്ക് പോകുമെന്ന് കരുതേണ്ട. മുമ്പത്തെപോലെ നമ്മുടെ ജീവിതമാകുമെന്ന് ഇനി കരുതേണ്ട! ലോകത്തിലെ എല്ലാ പൗരന്മാരും, അവരുടെ ജീവിതരീതിക്ക്, മാറുന്ന ലോകത്തിനനുസരിച്ച്, മാറിക്കൊണ്ടിരിക്കുന്നു, മാറ്റം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

എല്ലാ സത്യവിശ്വാസികളെയും, മാനവകുലത്തെ മൊത്തത്തിലും പുതിയ ജീവിത വഴിക്കനുസൃതമായി, അല്ലാഹു(ത) സഹായിക്കട്ടെ! സാധുക്കളുടെ പ്രയാസങ്ങളെ അല്ലാഹു(ത) നീക്കം ചെയ്യട്ടെ! ആവശ്യക്കാരുടെ ആവശ്യങ്ങൾ അവൻ നിറവേറ്റട്ടെ! ജോലിനഷ്ടപ്പെട്ടവരെയും അവൻ സഹായിക്കട്ടെ, കുടുംബത്തെ പോറ്റേണ്ടവരെയും സഹായിക്കട്ടെ, കടത്തിലകപ്പെട്ടവരേയും അല്ലാഹു സഹായിക്കട്ടെ, നമ്മുടെ ചെറിയ മൗറിഷ്യസിൽ നിന്നും അതു തുടങ്ങട്ടെ, തുടർന്ന് ലോകത്തിലെ എല്ലാ രാജ്യങ്ങളിലും വിഷമസന്ധികൾക്ക് പരിഹാരമാകട്ടെ. നമ്മുടെ സ്വന്തം കാലിലേക്ക് നമ്മെ അവൻ മടക്കിക്കൊണ്ടുവരട്ടെ! സദുദ്ദേശത്തോടെയും, സഹകരണത്തോടെയും, നമുക്ക് ഒരു നല്ല മൗറിഷ്യസ് പുനഃസൃഷ്ടിക്കാം. അതുപൊലെ ഒരു നല്ല നവലോകവും സൃഷ്ടിക്കാം. ഇൻശാ അല്ലാഹ്! ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*